പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 70 — 12.06.2013-ൽ മറുപടിക്ക്

**രക്തം സ്വീകരിക്കുന്നത്**

**വഴിയുണ്ടാകുന്ന അണുബാധ തടയാൻ നടപടികൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി. കെ. സദാശിവൻ :<br>ശ്രീമതി. പി. അയിഷാ പോറ്റി :<br>ശ്രീ. പുരുഷൻ കടലുണ്ടി :<br>,, കെ. കുഞ്ഞിരാമൻ (ഉദുമ) : | ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) സർക്കാർ ആശുപത്രിയിൽ നിന്നും രക്തം സ്വീകരിച്ച കുട്ടിക്ക് എച്ച്.ഐ.വി. ബാധയുണ്ടായതിനെക്കുറിച്ച് അന്വേഷണം നടത്തിയിരുന്നോ ; വിശദാംശം ലഭ്യമാക്കാമോ ; | (എ) സർക്കാർ ആശുപത്രിയിൽ നിന്നും രക്തം സ്വീകരിച്ച കുട്ടിക്ക് എച്ച്.ഐ.വി. ബാധയുണ്ടായതിനെക്കുറിച്ച് അന്വേഷണം നടത്തിയിരുന്നു. ഇതു സംബന്ധിച്ച് അന്വേഷണം നടത്തിയ സമിതി വിൻഡോപിരീഡിൽ ഉള്ള രക്തം സ്വീകരിച്ചതു മൂലമാകാം അണുബാധ ഉണ്ടായത് എന്ന നിഗമനത്തിലാണ് എത്തിച്ചേർന്നത്. |
| (ബി) ആയതിന്റെ പശ്ചാത്തലത്തിൽ സർക്കാരാശുപത്രികളിലെ രക്തബാങ്കുകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ; എന്തൊക്കെ തിരുത്തൽ നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നുവെന്ന് അറിയിക്കാമോ ; | (ബി) സർക്കാർ ആശുപത്രികളിലെ രക്തബാങ്കുകളുടെ പ്രവർത്തനം വിലയിരുത്തിയതിൽ നിന്നും മനസ്സിലാക്കാൻ കഴിഞ്ഞത്, എല്ലാ രക്ത ബാങ്കുകളും ഡ്രഗ്സ് & കോസ്മെറ്റിക് ആക്ട് പ്രകാരമുള്ള എല്ലാ പരിശോധനകളും കൃത്യമായി നടത്തിയതിന് ശേഷം മാത്രമാണ് രോഗികൾക്ക് രക്തം നൽകുന്നത് എന്നാണ്. മറ്റ് അനാരോഗ്യകരമായ പ്രവണതകൾ ഒന്നും തന്നെ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. |
| (സി) അവശ്യം വേണ്ട ഉപകരണങ്ങളുടെ അഭാവവും സാങ്കേതിക വിദഗ്ധരുടെ കുറവും പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ ? | (സി) ആവശ്യമായ ഉപകരണങ്ങളും സാങ്കേതിക വിദഗ്ധരുടെ സേവനവും ഇപ്പോൾത്തന്നെ ലഭ്യമാണ്. |

സെക്ഷൻ ഓഫീസർ